**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 3627 **11/12/2018 ൽ** മറുപടിക്ക്

**ഓട്ടോ/ടാക്സി സ്റ്റാന്റുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അടൂർ പ്രകാശ്** | **എ.സി.മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |

| | | |
|---|---|---|
| എ) | ഓട്ടോ / ടാക്സി സ്റ്റാന്റുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ; ഇതിലേക്ക് നിലവിലുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ; | **എ)** 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 472 അനുസരിച്ചാണ് നഗരസഭകളിൽ ഓട്ടോ/ടാക്സി സ്റ്റാന്റുകൾ അനുവദിക്കുന്നത്. 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് മൂന്നാം പട്ടിക പ്രകാരം വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള താവളങ്ങൾ ഏർപ്പെടുത്തുക ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. 1995-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ഇറക്കുസ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റ് വാഹന സ്റ്റാൻഡുകൾ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം വണ്ടിത്താവളങ്ങളോ വാഹനസ്റ്റാൻഡുകളോ ഏർപ്പെടുത്തുന്നതിന് മുമ്പ് ആക്ഷേപം ഉന്നയിക്കാൻ ഗ്രാമപഞ്ചായത്ത് അവസരം നൽകണമെന്നും ആയതിലേക്കായി വ്യാപക പരസ്യം നൽകണമെന്നും വ്യവസ്ഥയുണ്ട്. ചട്ടം 5 പ്രകാരം മോട്ടോർ വാഹനങ്ങൾക്ക് പൊതുവായ സ്റ്റാന്റോ, വിരാമസ്ഥലങ്ങളോ തുറക്കുന്നതിന് മുമ്പ് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ മുൻകൂട്ടിയുള്ള അനുവാദം ഗ്രാമപഞ്ചായത്ത് വാങ്ങിയിരിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| ബി) | നിശ്ചിത മാനദണ്ഡം പാലിക്കാതെ ഡ്രൈവർമാർക്ക് സ്വന്തമായി സ്റ്റാന്റുകൾ നിർമ്മിക്കാൻ അനുവാദം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അനധികൃതമായുള്ള സ്റ്റാന്റുകൾ മാറ്റുന്നതിന് ആർക്കാണ് പരാതി നൽകേണ്ടത് എന്ന് വ്യക്തമാക്കുമോ; | **ബി)** ഇല്ല. അതത് തദ്ദേശസ്വയം ഭരണ സ്ഥാപന സെക്രട്ടറിയ്ക്ക് പരാതി നൽകാവുന്നതാണ്. |

| | | |
|---|---|---|
| സി) | തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിനും ജനറൽ ആശുപത്രിയുടെയും മുന്നിൽ തമ്പുരാൻമുക്ക് ഭാഗത്തേക്ക് പോകുന്ന ഫ്രീ ലെഫ്റ്റ് തടസ്സപ്പെടുത്തികൊണ്ട് ഓട്ടോസ്റ്റാന്റ് നിർമ്മിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ജനറൽ ആശുപത്രിയിൽ നിന്നും പുറത്തേയ്ക്ക് വരുന്ന വാഹനങ്ങൾ ഉൾപ്പെടെ തടസ്സം വരുന്ന വിധത്തിലുള്ള അനധികൃത ഓട്ടോസ്റ്റാന്റ് മാറ്റി സ്ഥാപിക്കാത്തത് എന്തുകൊണ്ട്; വ്യക്തമാക്കാമോ ; | സി) & ഡി) ഇല്ല. പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| ഡി) | ഗതാഗത തടസ്സം വരുന്ന പ്രസ്തുത ഓട്ടോസ്റ്റാന്റ് മാറ്റുന്നതിന് നിർദ്ദേശം നൽകുമോ ? | |

സെക്ഷൻ ഓഫീസർ